## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 36 — 13.01.2021 – ൽ മറുപടിക്ക്

### സഹകരണ മേഖല സംബന്ധിച്ച ആർ.ബി.ഐ നിർദ്ദേശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി. മമ്മൂട്ടി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ സംഘങ്ങൾ പേരിനോടൊപ്പം ചേർത്തിട്ടുള്ള ബാങ്ക് എന്ന പദം മാറ്റണമെന്ന് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | RBI ൽ നിന്നും രേഖാമൂലമുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ 2020 ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരം ഒരു പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസ്സമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ, 'ബാങ്ക്', ബാങ്കിംഗ്, ബാങ്കർ' എന്ന പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് സഹകരണ പ്രസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്; സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം, KSRTC പെൻഷൻ കൺസോർഷ്യം/ വിതരണം, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ്, ആംബുലൻസ് സർവ്വീസ്, ഡയാലിസിസ് സെന്ററുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വില്പന ശാലകൾ, ഉത്സവകാല ചന്തകൾ തുടങ്ങിയവ നടത്തുക എന്നിങ്ങനെയുള്ള വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ബാങ്കിംഗ് നിയമത്തിന്റെ പരിധിയിൽ വന്നാൽ അവയുടെ പ്രവർത്തനം ബാങ്കിംഗ് മേഖലയിൽ മാത്രമായി ചുരുക്കപ്പെടും; എന്നാൽ പേരിൽ നിന്നും 'ബാങ്ക്' എന്ന പദം ഒഴിവാക്കിയാൽ ജനങ്ങൾക്കിടയിൽ ഈ സ്ഥാപനങ്ങളുടെ ഇമേജിനെ ബാധിക്കാനിടയുണ്ട്. ഇത് ബിസിനസ്സിനേയും ബാധിച്ചേക്കാം. |
| (സി) | എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബില്ല് നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന |

| | | | |
|---|---|---|---|
| | | | വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് ആംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. ബില്ല് നിയമമായതിനു ശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് സർക്കാർ ഒരു സർവ്വകക്ഷി യോഗം വിളിച്ച് ചേർക്കുന്നതിന് ആലോചിക്കുന്നു. |

സെക്ഷൻ ഓഫീസർ